# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4231

28.06.2012-ലെ
മറുപടിക്ക്.

## വിദ്യാഭ്യാസ അവകാശ നിയമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബാബു.എം. പാലിശ്ശേരി | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) കേന്ദ്ര വിദ്യാഭ്യാസ അവകാശനിയമമനുസരിച്ച് അൺ എയ്ഡഡ് സ്കൂളുകളിൽ സംവരണ പ്രകാരം അഡ്മിഷൻ നൽകുന്ന ദുർബലവിഭാഗത്തിൽപെട്ടവർക്കായി സർക്കാർ ഫണ്ട് വിനിയോഗിക്കുമോ;

(ബി) പ്രസ്തുത നടപടി സമീപമുള്ള പൊതു വിദ്യാലയങ്ങളെ എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാക്കുമോ:

(സി) ഇതിൻമേലുള്ള സർക്കാർ നിലപാട് വ്യക്തമാക്കുമോ?

(എ), (ബി) & (സി)

വിദ്യാഭ്യാസ അവകാശ നിയമത്തിലെ സെക്ഷൻ 12(1) (സി) പ്രകാരം അൺ എയ്ഡഡ് സ്കൂളുകളിൽ ദുർബല വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും ഡിസ് അഡ്വാന്റേജ്ഡ് വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും കൂടി ചേർന്ന് കുറഞ്ഞത് 25% എങ്കിലും സംവരണം ഏർപ്പെടുത്തണമെന്ന് വ്യവസ്ഥയുണ്ട്. പ്രസ്തുത നിയമത്തിലെ സെക്ഷൻ 12 (2) പ്രകാരം അൺ എയ്ഡഡ് സ്കൂളുകളിൽ ഇപ്രകാരം പ്രവേശിപ്പിച്ചിട്ടുള്ള 25% കുട്ടികൾക്ക് ഗവൺമെന്റിൽ നിന്നും നിശ്ചയിച്ചിട്ടുള്ള ചെലവു തുകയോ (per-child expenditure) പ്രസ്തുത സ്കൂളിലെ ഫീസ് നിരക്കോ ഏതാണോ കുറവ് ആ തുക നൽകേണ്ടതാണ്. എന്നാൽ

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 12.04.2012-ലെ WP (C)95/2010- ലെ വിധിന്യായപ്രകാരം അൺ-എയ്ഡഡ് മൈനോറിട്ടി; നോൺ-മൈനോറിട്ടി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാഭ്യാസ സംരക്ഷണ നിയമത്തിലെ സെക്ഷൻ 12 (1) (സി) വകുപ്പ് നിർബന്ധപൂർവ്വം നടപ്പിലാക്കാൻ കഴിയുകയില്ല. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്

സെക്ഷൻ ഓഫീസർ